**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 526** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലും സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിലുമായി 2026 ജനവരി വരെ ആകെ 47616,02,13,640/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. 2026 ജനവരി മാസത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 50,42,022 ഗുണഭോക്താക്കൾക്കും ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 6,24,235 ഗുണഭോക്താക്കൾക്കുമാണ് ക്ഷേമ പെൻഷൻ അനുവദിച്ചത്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ, സ്പഷ്ടീകരണങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലേയും, പ്രസ്തുത തീയതിയ്ക്കു ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/ സർക്കുലറുകൾ എന്നിവയിലെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്ഷേമ പെൻഷനുകൾ അനുവദിച്ചു വരുന്നത്. 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന ഉത്തരവിന്റെ പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു.

**(ബി)** കേന്ദ്ര സഹായം ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ഈയിനത്തിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള കേന്ദ്ര വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു.

**(സി)** 2016-2021 കാലയളവിൽ ക്ഷേമ പെൻഷൻ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും നിലവിൽ ക്ഷേമ പെൻഷനിൽ കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2016-2021 കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 30054.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡു പെൻഷനുകൾക്കായി 7038.83 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്ഷേമപെൻഷൻ ഇനത്തിൽ നിലവിൽ കുടിശ്ശികയില്ല.

**(ഡി)** സംസ്ഥാനത്ത് 2021 മേയ് മുതൽ നാളിതുവരെ അനുവദിച്ച വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 2021 മേയ് മുതൽ നാളിതുവരെ അനുവദിച്ച വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | ഇന്ദിരാ ഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ | ആകെ (കോടിയിൽ) |
|---|---|---|---|---|
| 2021-22 | 143.296 | 77.5847 | 11.0999 | 231.9806 |
| 2022-23 | 148.364 | 77.5847 | 11.0999 | 237.0486 |
| 2023-24 | 83.8484 | 51.7047 | 6.2042 | 141.7573 |
| 2024-25 | 135.8826 | 122.5149 | 7.0747 | 265.4722 |
| 2025-26 | 35.6403 | 35.4800 | 1.8543 | 72.9746 |
| **ആകെ** | **547.0313** | **364.869** | **37.333** | **949.2333** |

**(ഇ)** അന്യായമായി ക്ഷേമ പെൻഷൻ വാങ്ങുന്നവരെ കണ്ടെത്തുന്നതിന്റെ ഭാഗമായി എത്ര ആളുകളെ ഒഴിവാക്കിയിട്ടുണ്ട്; ഇവർക്ക് നൽകിയ തുക തിരികെ വാങ്ങുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുവെന്ന പരാതി ലഭിക്കുന്ന ഉടൻ തന്നെ പ്രസ്തുത ഗുണഭോക്താവിന്റെ പെൻഷൻ അന്വേഷണം നടത്തുകയും പരാതിയിൽ വാസ്തവമുണ്ടെന്ന് കണ്ടെത്തിയാൽ പെൻഷൻ സസ്പെൻഡ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുകയും ചെയ്തുവരുന്നു. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024 തീയതിയിലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ, ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% സാധാരണ പലിശ നിരക്കിൽ, പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴി നടത്തി വരുന്നു. സേവന സൈറ്റ് പരിശോധിച്ചതിൽ നിന്നും 2004 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം 2628363 ആകുന്നു. ആയതിൽ വിവിധ കാരണങ്ങളാൽ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്.

**(എഫ്)** സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും ഇതിനായി കടമെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ എവിടെനിന്നെല്ലാമാണെന്നും എത്ര തുക ഈയിനത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

**<u>മറുപടി:</u>** ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. “2235-60-102-89-കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം" എന്ന ശീർഷകത്തിൽ നിന്നും ബജറ്റ് വിഹിതം കമ്പനിയ്ക്ക് ലഭിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ, കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിനു ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്നെല്ലാമാണ് കമ്പനി വായ്പ സമാഹരിച്ചിട്ടുള്ളത്. കമ്പനി രൂപീകൃതമായ 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനി ലിമിറ്റഡ് കമ്പനി ആകെ 49,474.42 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. പ്രസ്തുത വായ്പയിൽ നിന്നു കമ്പനി 34,709.91 കോടി രൂപ തിരിച്ചടവ് നടത്തുകയുണ്ടായി. നിലവിൽ 14,764.51 കോടി രൂപയാണ് വായ്പയായി അവശേഷിക്കുന്നത്.

**(ജി)** സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിക്കുന്നതെന്നും എന്നു മുതലാണ് വർദ്ധിപ്പിച്ച തുക നൽകുന്നതെന്നും ഇതിനായി എത്ര തുക കൂടുതലായി കണ്ടെത്തണമെന്നും അറിയിക്കുമോ?

**<u>മറുപടി:</u>** 30.10.2025 ലെ സ.ഉ.(അച്ചടി)നം.136/2026/ധന ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ/സർക്കസ്/അവശകലാകാര പെൻഷനുകൾ എന്നിവ 2025 നവംബർ പ്രാബല്യത്തിൽ 1600/- രൂപയിൽ നിന്നും പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് (അനുബന്ധം 4 ). സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നവംബർ മാസത്തിൽ ഏകദേശം 223,30,95,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**

# FY 2021-22

| Year | Month | Amount | No of beneficiaries |
|---|---|---|---|
| GO 4139/21 24.05.21 | 2021 May | 7286211100 | 4772279 |
| GO 4697/21 28.06.21 | 2021 June | 7366768800 | 4824432 |
| GO 4855/21 07.07.21 | Undisbursed pension to Marad Muncipality | 349000 | 137 |
| GO 5265/21 03.08.21 | 2021 July Aug | 14818795200 | 4852098 |
| GO 6301/21 25.09.21 | 2021 Sep | 7486257400 | 4901658 |
| GO 6972/21 28.10.21 | 2021 Oct | 7531606700 | 4930770 |
| GO 7333/21 15.11.21 | 2020 Dec to June (arrear to those pension amount bounced due to account reached maximum credit limit) | 163151800 | 58047 |
| GO 7745/21 01.12.21 | 2021 November | 7559001300 | 4948591 |
| GO 8334/21 22.12.21 | 2021 Dec | 7575828500 | 4957628 |
| GO 588/22 25.01.22 | 2022 Jan | 7610754900 | 4980602 |
| GO 1484/22 03.03.22 | 2022 Feb | 7646080300 | 5004151 |
| GO 37/22 05.03.22 | Arrear to those who mustered by life certificate (18 beneficiaries) | 138500 | 18 |
| **TOTAL (2021-22)** | | **75044943500** | |

# FY 2022-23

| Year | Month | Amount | No of beneficiaries |
|---|---|---|---|
| GO 2805/22 07.04.2022 | 2022 March, April | 7689317900 | 5032737 |
| GO(Ms) 89/2022 25.05.2022 | 2022 May | 7542564100 | 4941329 |
| GO 4658/22 27.06.2022 | 2022 June | 7654849700 | 5013085 |
| GO 6030/22 25.08.2022 | 2022 July, August | 7673175700, 7717464500 | 5024790, 5053223 |
| GO 6127/22 30.08.2022 | Arrear for the month of 2022 August to those who submitted non-remarriage certificate | 5079000 | 3195 |
| GO 6354/22 15.09.2022 | 2020 December-2021 June Arrear to those whose account reached max credit limit who opted D2H option | 14528400 | 5921 |
| GO 6557/22 26.09.2022 | 2022 September | 7738582500 | 5067443 |
| GO 8200/22 03.12.2022 | 2022 October, Nov | 15442763400 | 5066136 |
| GO 62/23 05.01.2023 | 2022 Oct, Nov Digitalsign not done | 8962400 | 2957 |
| GO 1320/23 23.02.2023 | 2022 December | 7674858300 | 5028396 |
| GO 1320/23 23.02.2023 | Arrear – IFSC & Banka/c change for the month of Oct 2022 | 12308200 | 7962 |
| GO 1320/23 23.02.2023 | Arrear – IFSC & Banka/c change for the month of Nov 2022 | 52747400 | 34759 |

| | | | |
|---|---|---|---|
| GO 1320/23 23.02.2023 | Arrear – Integration of Vijaya Bank and DenaBank to Bank of Baroda – Sept 2022 | 29024000 | 18690 |
| GO 2139/23 20.03.2023 | 2022 Dec Digital Signature not done | 18891200 | 12202 |
| **TOTAL (2022-23)** | | **69275116700** | |

# FY 2023-24

| GO | Month | Amount | No of beneficiaries |
|---|---|---|---|
| GO 2931/23 10.04.2023 | 2023 January | 7507879300 | 5020613 |
| GO 2931/23 10.04.2023 | 2023 February | 7531399300 | 5035946 |
| GO 3679/23 16.05.2023 | 2023 Jan, Feb DigitalSignature not done | 7622000 | 2582 |
| GO 4368/23 08.06.2023 | 2023 March | 7505552000 | 5048980 |
| Go (Rt) 4728/24 20.06.023 (Additional amount) | 2023 June | 39345400 | 196727 |
| Go (Rt) 108/23 13.07.023 | 2023 Mar Digital Signature not done | 1759200 | 1149 |
| GO 75273/23 13.07.2023 | 2023 April | 7557417500 | 5057901 |
| GO 5953/23 11.08.2023 | 2023 May | 7570382900 | 5067633 |
| GO 5953/23 11.08.2023 | 2023 June | 7605680700 | 5090390 |
| GO (Rt) 8019/2023 16.11.2023 | 2023 July | 6671545600 | 4497794 |

| | | | |
|---|---|---|---|
| GO (Rt) 8967/2023 19.12.2023 | 2023 August | 6671590900 | 4511117 |
| GO (Rt) 2235/2024 07.03.2024 | Distributed in 2024 March | 7153535500 | 4816963 |
| **TOTAL(2023-24)** | | **65823710300** | |

# FY (2024-25)

| GO | Month | Amount | No of beneficiaries |
|---|---|---|---|
| GO (Rt) 2285/2024 11.03.2024 | Distributed in 2024 April | 14411330600 | 4842339-october 4862534-november |
| GO (Rt) 2438/2024 15.03.2024 | Distributed in 2024 May | 7240818400 | 4872502 |
| GO (Rt) 4776/2024 18.06.2024(for Puthupariyam Gramapanchayat) | Distributed in 2024 June | 7545500 | 4948 |
| GO (Rt) 5055/2024 26.06.2024 | Distributed in 2024 June | 7247317200 | 4891178 |
| GO (Rt) 5729/2024 25.07.2024 | Distributed in 2024 July | 7280219100 | 4912244 |
| GO (Rt) 6518/2024 27.08.2024 | Distributed in 2024 August | 7252691,300 | 4927473 |
| GO (Rt) 6908/2024 10.09.2024 | Distributed in 2024 September | 14485659400 | 4928381-April 4931930-May |
| GO(Rt) No.7895/2024/FIN dtd: 24/10/2024 | Distributed in 2024 October | 6881982000 | 4697528 |
| GO (Rt) 8182/2024 05.11.2024 | Distributed in 2024 November | 693,03,13,600 | 4728989 |
| GO (Rt)9466/2024 20.12.2024 | Distributed in 2024 December | 709,1689,200 | 4830780 |
| GO (Rt)606/2025 22.01.2025 | Distributed in 2025 January | 1432,61,18,200 | 4886711-September 4863289-October |
| GO (Rt)1793/2025 24.02.2025 | Distributed in 2025 February | 721,12,43,000 | 4908391 |
| GO (Rt)2970/2025 24.03.2025 | Distributed in 2025 March | 723,52,16,400 | 4920567 |

| TOTAL (2024-25) | | 107602143900 | |
|---|---|---|---|

## FY (2025 -26)

| GO | Month | Amount | No of beneficiaries |
|---|---|---|---|
| GO (Rt)3489/2025 08.04.2025 | Distributed in 2025 April | 720,53,81,200 | 4901890 |
| GO (Rt)4523/2025 20.05.2025 | Distributed in 2025 May | 1450,7059,600 | SSP – 4944471<br>SSP ARREAR-4920101 |
| GO (Rt)5309/2025 20.06.2025 | Distributed in 2025 June | 729,04,14,700 | 4956237 |
| GO (Rt)5430/2025 26.06.2025 | Distributed in 2025 June(2025APRIL SSP) | 1,73,400 | 578 NSAP widow pensioners |
| GO (Rt)6126/2025 23.07.2025 | Distributed in 2025 July | 731,91,20,900 | 4975756 |
| GO (Rt)6807/2025 20.08.2025 | Distributed in 2025 August | 1474,81,94,600 | SSP – 5030147<br>SSP ARREAR-4994976 |
| GO(Rt)No.7780/2025/ Fin dated 24.09.2025 | Distributed in 2025 September | 716,93,21,900 | 4880425 |
| GO(Rt)No.8521/2025/ Fin dated 24.10.2025 | Distributed in 2025 October | 726,08,38,100 | 4942171 |
| GO(Rt)No.8756/2025/ Fin dated 31.10.2025<br>Letter No.311385/SFC-B2/101/2025-FIN dated 19.11.2025 | Distributed in 2025 November | 1657,21,34,200 | SSP – 5024175<br>SSP ARREAR-4988483 |
| GO(Rt)No.10002/2025/Fin dated 13.12.2025 | Distributed in 2025 December | 925,66,11,000 | 5032990 |
| GO(Rt)No.716/2026/Fin dated 24.01.2026 | Distributed in 2026 January | 927,67,16,200 | 50,42,022 |

| | | | |
|---|---|---|---|
| TOTAL (2025-26) | | **100605965800** | |

| Sl No | GO No and Date | AMOUNT | BENEFICIARY NO | REMARKS | FY |
|---|---|---|---|---|---|
| 1 | G.O (Rt) No.4100/2021 dtd 21-05-2021 | 1,02,49,33,100.00 | 651572 | 2021 May | 2021-22 |
| 2 | G.O (Rt) No.4265/2021 dtd 22-06-2021 | 1,02,57,60,300.00 | 652672 | 2021 June | 2021-22 |
| 3 | G.O (Rt) No.5266/2021 dtd 03-08-2021 | 1,03,64,64,300.00 | 659479 | 2021 July | 2021-22 |
| 4 | G.O (Rt) No.5266/2021 dtd 03-08-2021 | 1,03,93,64,600.00 | 660515 | 2021 August | 2021-22 |
| 5 | G.O (Rt) No.6325/2021 dtd 02-09-2021 | 1,03,16,34,600.00 | 655950 | 2021 September | 2021-22 |
| 6 | G.O (Rt) No.6978/2021 dtd 28-10-2021 | 1,02,96,87,000.00 | 654537 | 2021 October | 2021-22 |
| 7 | G.O (Rt) No.7626/2021 dtd 25-11-2021 | 1,03,56,00,200.00 | 658454 | 2021 November | 2021-22 |
| 8 | G.O (Rt) No.8329/2021 dtd 22-12-2021 | 1,03,79,06,600.00 | 659789 | 2021 December | 2021-22 |
| 9 | G.O (Rt) No.499/2022 dtd 21-01-2022 | 1,03,31,65,300.00 | 656815 | 2022 January | 2021-22 |
| 10 | G.O (Rt) No.1419/2022 dtd 02-03-2022 | 1,04,28,45,500.00 | 662883 | 2022 February | 2021-22 |
| 11 | G.O (Rt) No.2768/2022 dtd 06-04-2022 | 1,04,40,39,300.00 | 663618 | 2022 March | 2022-23 |
| 12 | G.O (Rt) No.2768/2022 dtd 06-04-2022 | 1,04,14,92,700.00 | 664156 | 2022 April | 2022-23 |
| 13 | G.O (Rt) No.3934/2022 dtd 25-05-2022 | 1,04,61,38,200.00 | 667480 | 2022 May | 2022-23 |
| 14 | G.O (Rt) No.4657/2022 dtd 27-06-2022 | 1,05,02,86,300.00 | 669936 | 2022 June | 2022-23 |
| 15 | G.O (Rt) No.6041/2022 dtd 25-08-2022 | 1,05,22,62,300.00 | 671104 | 2022 July | 2022-23 |
| 16 | G.O (Rt) No.6041/2022 dtd 25-08-2022 | 1,05,44,60,400.00 | 672213 | 2022 August | 2022-23 |
| 17 | G.O (Rt) No.6774/2022 dtd 07-10-2022 | 1,05,64,94,000.00 | 6,73,561 | 2022 September | 2022-23 |
| 18 | G.O (Rt) No.8232/2022 dtd 05-12-2022 | 1,05,22,40,700.00 | 670907 | 2022 October | 2022-23 |
| 19 | G.O (Rt) No.8232/2022 dtd 05-12-2022 | 1,05,53,88,600.00 | 672827 | 2022 November | 2022-23 |
| 20 | G.O (Rt) No.1364/2023 dtd 24-02-2023 | 1,05,65,34,640.00 | 673569 | 2022 December | 2022-23 |
| 21 | G.O (Rt) No.2930/2023 dtd 10-04-2023 | 1,05,30,98,300.00 | 670065 | 2023 January | 2023-24 |
| 22 | G.O (Rt) No.2930/2023 dtd 10-04-2023 | 1,05,63,12,500.00 | 672553 | 2023 February | 2023-24 |
| 23 | G.O (Rt) No.4369/2023 dtd 08-06-2023 | 1,05,92,51,100.00 | 675116 | 2023 March | 2023-24 |
| 24 | G.O (Rt) No.5274/2023 dtd 13-07-2023 | 1,05,70,15,600.00 | 673659 | 2023 April | 2023-24 |
| 25 | G.O (Rt) No.5946/2023 dtd 11-08-2023 | 1,05,79,28,600.00 | 674245 | 2023 May | 2023-24 |
| 26 | G.O (Rt) No.5946/2023 dtd 11-08-2023 | 1,06,11,94,900.00 | 676340 | 2023 June | 2023-24 |

| Sl No | GO No and Date | AMOUNT | BENEFICIARY NO | REMARKS | FY |
|---|---|---|---|---|---|
| 27 | G.O (Rt) No.8419/2023 dtd 30-11-2023 & G.O (Rt) No 8053/2023 dtd 17-11-2023 | 87,99,98,400.00 | 561179 | 2023 July | 2023-24 |
| 28 | G.O (Rt) No.8966/2023 dtd 19-12-2023 | 89,40,69,100.00 | 566941 | 2023 August | 2023-24 |
| 29 | G.O (Rt) No.2237/2024 dtd 07-03-2024 | 91,25,85,600.00 | 578975 | Distributed in March 2024 | 2023-24 |
| 30 | G.O (Rt) No.2285/2024 dtd 11-03-2024 | 1,87,10,87,200.00 | 593184 | Distributed in April 2024 | 2024-25 |
| 31 | G.O (Rt) No.2438/2024 dtd 15-03-2024 | 93,61,55,100.00 | 594252 | Distributed in May 2024 | 2024-25 |
| 32 | G.O (Rt) No.5076/2024 dtd 27-06-2024 | 94,44,13,400.00 | 599523 | Distributed in June 2024 | 2024-25 |
| 33 | G.O (Rt) No.5190/2024 dtd 02-07-2024 | 1,59,12,000.00 | 9945 | Widow PENSION | 2024-25 |
| 34 | G.O (Rt) No.5733/2024 dtd 25-07-2024 | 93,76,76,100.00 | 595292 | Distributed in july 2024 | 2024-25 |
| 35 | G.O (Rt) No.6078/2024 dtd 08-08-2024 | 36,37,000.00 | 2593 | Distributed in August 2024 | 2024-25 |
| 36 | G.O (Rt) No.6517/2024 dtd 27-08-2024 | 97,09,74,300.00 | 616583 | Distributed in AUGUST 2024 | 2024-25 |
| 37 | G.O (Rt) No.6909/2024 dtd 10-09-2024 | 5,86,28,800.00 | 36643 | Widow PENSION | 2024-25 |
| 38 | G.O (Rt) No.6922/2024 dtd 11-09-2024 | 97,62,25,300.00 | 619936 | Distributed in september 2024 | 2024-25 |
| 39 | G.O (Rt) No.6922/2024 dtd 11-09-2024 | 97,94,91,100.00 | 621994 | Arrear Distributed in september 2024 | 2024-25 |
| 40 | G.O (Rt) No.7912/2024 dtd 24-10-2024 | 90,52,75,600.00 | 574903 | Distributed in OCTOBER 2024 | 2024-25 |
| 41 | G.O (Rt) No.8242/2024 dtd 06-11-2024 | 90,85,58,600.00 | 576958 | Distributed in NOVEMBER 2024 | 2024-25 |
| 42 | G.O (Rt) No.9465/2024 dtd 20-12-2024 | 93,52,72,300.00 | 5,93,863 | Distributed in DECEMBER 2024 | 2024-25 |

| Sl No | GO No and Date | AMOUNT | BENEFICIARY NO | REMARKS | FY |
|---|---|---|---|---|---|
| 43 | G.O (Rt) No.9568/2024 dtd 27-12-2024 | 1,36,73,600.00 | 8546 | Widow PENSION | 2024-25 |
| 44 | G.O (Rt) 665/2025/Fin dtd 23-01-2025 | 94,64,05,800.00 | 6,00,876 | Distributed in January 2025 | 2024-25 |
| 45 | G.O (Rt) 665/2025/Fin dtd 23-01-2025 | 94,18,79,400.00 | 5,98,047 | Arrear Distributed in January 2025 | 2024-25 |
| 46 | G.O (Rt) 1668/2025/Fin dtd 21-01-2025 | 6,93,21,600.00 | 43326 | Widow PENSION | 2024-25 |
| 47 | G.O (Rt) 1803/2025/Fin dtd 25-02-2025 | 95,63,44,700.00 | 6,07,297 | Distributed in FEBRUARY 2025 | 2024-25 |
| 48 | GO (Rt) 2964/2025/Fin dtd 24-03-2025 | 95,99,82,700.00 | 6,09,594 | Distributed in MARCH 2026 | 2024-25 |
| 49 | GO (Rt) 3488/2025/Fin dtd 08-04-2025 | 96,27,94,700.00 | 6,11,398 | Distributed in APRIL 2025 | 2025-26 |
| 50 | GO (Rt) 4232/2025/Fin dtd 09-05-2025 | 4,25,72,800.00 | 26608 | Widow PENSION | 2025-26 |
| 51 | GO (Rt) 4498/2025/Fin dtd 19-05-2025 | 96,85,48,900.00 | 615050 | One month Arrear distributed in MAY 2025 | 2025-26 |
| 52 | GO (Rt) 4498/2025/Fin dtd 19-05-2025 | 97,19,88,300.00 | 617236 | Distributed in MAY 2025 | 2025-26 |
| 53 | GO (Rt)5304/2025/Fin dtd 20-06-2025 | 97,59,28,200.00 | 619723 | Distributed in JUNE 2025 | 2025-26 |
| 54 | GO (Rt)5388/2025/Fin dtd 24-06-2025 | 2,86,04,800.00 | 8939 | Widow PENSION | 2025-26 |
| 55 | GO (Rt) 6087/2025/Fin dtd 21-07-2025 | 1,43,29,600.00 | 8596 | Widow PENSION | 2025-26 |
| 56 | GO (Rt) 6133/2025/Fin dtd 23-07-2025 | 99,36,39,900.00 | 630916 | Distributed in JULY 2025 | 2025-26 |
| 57 | GO (Rt) 6829/2025/FIN dtd 21-08-2025 | 1,00,13,29,200.00 | 6,35,792 | One month Arrear distributed in AUG 2025 | 2025-26 |
| 58 | GO Rt No 6829/2025/FIN dtd 21-08-2025 | 1,00,57,72,200.00 | 638600 | Distributed in AUG 2025 | 2025-26 |
| 59 | GO Rt No 6956/2025/FIN dtd 27-08-2025 | 1,45,34,400.00 | 9084 | Widow PENSION | 2025-26 |

| Sl No | GO No and Date | AMOUNT | BENEFICIARY NO | REMARKS | FY |
|---|---|---|---|---|---|
| 60 | GO Rt No 7018/2025/FIN dtd 30-08-2025 | 35,45,600.00 | 2216 | Addl Amount- One month Arrear distributed in AUG 2025 | 2025-26 |
| 61 | GO Rt No 7018/2025/FIN dtd 30-08-2025 | 51,96,800.00 | 3248 | Addl Amount-Distributed in AUG 2025 | 2025-26 |
| 62 | GO Rt No 7778/2025/FIN dtd 24-09-2025 | 94,39,62,100.00 | 5,99,450 | Distributed in SEPT 2025 | 2025-26 |
| 63 | GO Rt No 8524/2025/FIN dtd 24-10-2025 | 95,35,65,900.00 | 6,05,503 | Distributed in OCTOBER 2025 | 2025-26 |
| 64 | GO Rt No 8756/20255/FIN dtd 31-10-2025 | 96,29,23,500.00 | 611442 | One month Arrear distributed in NOVEMBER 2025 | 2025-26 |
| 65 | GO Rt No 8838/2025/FIN dtd 03-11-2025 | 2,92,41,600.00 | 9138 | Widow PENSION | 2025-26 |
| 66 | GO Rt No 8756/20255/FIN dtd 31-10-2025 | 1,20,91,25,900.00 | 612259 | Distributed in NOVEMBER 2025 | 2025-26 |
| 67 | GO Rt No 9746/2025/FIN dtd 04-12-2025 | 5,92,09,200.00 |  | Widow PENSION | 2025-26 |
| 68 | GO Rt No 10001/2025/FIN dtd 13-12-2025 | 1,21,96,57,200.00 | 6,17,609 | 2025 December | 2025-26 |
| 69 | GO Rt No 705/2026/FIN dtd 24-01-2026 | 1,23,27,95,300.00 | 6,24,235 | 2026 January | 2025-26 |
|  | TOTAL | **57,80,83,33,440.00** |  |  |  |

# അനുബന്ധം – 3

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സു വരെ | 1800 | 200 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1500 | 500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 18 വയസ്സ് വരെ | 2000 | Nil |
| | പ്രായം 18 മുതൽ 79 വയസ്സു വരെ | 1700 | 300 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1500 | 500 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സ് വരെ | 2000 | Nil |
| | 40 വയസ്സും 79 വയസ്സു വരെ | 1700 | 300 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1500 | 500 |